## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5544 02-07-2014- ൽ മറുപടിയ്ക്ക്

## <u>ഫോർപ്ലസ് പദ്ധതി</u>

<u>ചോദ്യം</u>

ശ്രീ. എം. ചന്ദ്രൻ
ശ്രീ.ബി. സത്യൻ
ശ്രീ.പി. റ്റി. എ. റഹീം
ശ്രീ.സാജുപോൾ

<u>മറുപടി</u>

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഫോർപ്ലസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തായിരുന്നു ; | (എ) ചിക്കൻഗുനിയ, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി എന്നീ നാലു രോഗങ്ങളെ പ്രതിരോധിക്കുക, നിയന്ത്രിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2010 ൽ ഫോർപ്ലസ് പദ്ധതി ആരംഭിച്ചത്. കാലേകൂട്ടിയുള്ള രോഗ നിരീക്ഷണം, രോഗപ്രതിരോധ നിയന്ത്രണ നടപടികൾ, പെരുമാറ്റ വ്യതിയാന ആശയവിനിമയം, അവലോകനവും മേൽ നോട്ടവും എന്നീ നാല് കാര്യങ്ങൾ ഈ രോഗങ്ങൾ നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടെ നടത്തി. രോഗതുരയും മരണങ്ങളും കുറയ്ക്കുകയായിരുന്നു ലക്ഷ്യം. |
| (ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ; | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010 - ൽ നടപ്പിലാക്കിയ ഫോർപ്ലസ് പദ്ധതി ഈ സർക്കാരിന്റ കാലത്ത് ഈ പേരിൽ നടപ്പിലാക്കുന്നില്ല. എന്നാൽ വിവിധതരം പകർച്ചവ്യാധികളെ പ്രതി രോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള കർമ്മ പദ്ധതികൾ ആരോഗ്യ വകപ്പ് എല്ലാ വർഷങ്ങളിലും വിവിധ പേരുകളിൽ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നുണ്ട്. |

| | |
|---|---|
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം തനതു ഫണ്ടിൽ നിന്നും, കേന്ദ്ര സഹായ ത്തോടെയും പദ്ധതി നടപ്പിലാക്കാനായി എന്തൊക്കെചെയ്തുവെന്ന് വിശദമാക്കാമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫോർപ്ലസ് പദ്ധതി ക്കുവേണ്ടി തനതു ഫണ്ടിൽ നിന്നോ കേന്ദ്ര സഹായത്തോടെയോ ഫണ്ട് വിനിയോഗം നടന്നിട്ടില്ല. എന്നാൽ ഇതിനു സമാനമായി പദ്ധതികൾ രോഗനിരീക്ഷണം, രോഗ പ്രതിരോധം, നിയന്ത്രണം എന്നീ കാര്യങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ